# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4730** | **23/07/2015-ൽ മറുപടിക്ക്**

## ഐ.ടി. പാർക്കുകൾ

**ചോദ്യം** | **മറുപടി**

**ശ്രീ. സാജു പോൾ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | കേരളത്തിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നീ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നിർമ്മിച്ചതും നിർമ്മിച്ചു വരുന്നതുമായ ഐ.ടി. പാർക്കുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് ആകെ എത്ര ഐ.ടി. പാർക്കുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | സർക്കാർ തലത്തിൽ തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്ക്, എറണാകുളം ജില്ലയിൽ കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് ജില്ലയിൽ സൈബർ പാർക്ക് എന്നീ മൂന്ന് ഐ.ടി. പാർക്കുകളാണ് നിലവിലുള്ളത്. കൂടാതെ ഈ പാർക്കുകളെ അടിസ്ഥാനപ്പെടുത്തി HUB & Spoke മാതൃകയിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രീതിയിൽ കൊല്ലം ജില്ലയിലെ കുണ്ടറയിൽ കൊല്ലം ടെക്നോപാർക്കും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും, തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും, എറണാകുളം ജില്ലയിലെ കല്ലൂരിലും, കാസർകോട് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സ്വകാര്യ മേഖലയിൽ ലീല ഇൻഫോപാർക്ക് (തിരുവനന്തപുരം), കാർണിവൽ പാർക്ക്, ലുലു സൈബർപാർക്ക്, മുത്തൂറ്റ് ടെക്നോ പോളീസ്, മിനി മുത്തൂറ്റ് ടെക് ടവേർസ്, ട്രാൻസ് ഏഷ്യ, ബ്രിഗേഡ് ഐ.ടി. പാർക്ക് (കൊച്ചി), യു. എൽ. സൈബർ പാർക്ക് (കോഴിക്കോട്) തുടങ്ങി നിരവധി സ്വകാര്യ ഐ.ടി. പാർക്കുകളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൊച്ചിയിലെ സ്മാർട്ട് സിറ്റി 2015 നവംബറിൽ പ്രവർത്തനം തുടങ്ങും. |
| (സി) | കൂടുതൽ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കുമോ ; | (സി) | കോട്ടയം ജില്ലയിലെ വലവൂരിലും മലപ്പുറം ജില്ലയിലെ അരീക്കോടും ഐ.ടി പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും, കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും ഓരോ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളിൽ നിന്നും ലഭ്യമായ കണക്ക് അനുസരിച്ച് ആകെ 72688 പേർ പ്രത്യക്ഷമായി ജോലി ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**